LIBRARY ARCHIVES Kerala Legislative Assembly

## കുറിഞ്ഞിമല സങ്കേതം

115 (2645) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിഞ്ഞിമല സങ്കേതം ഉൾപ്പെട്ട വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കയ്യേറ്റം പരിശോധിക്കുവാൻ ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കുറിഞ്ഞിമലയിൽ 3200 ഹെക്ടർ പ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുവാനുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ഈ പ്രദേശത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) 12-12-2007-ലെ സ.ഉ. (കൈ)74/2007/വനം നമ്പർ ഉത്തരവ് പ്രകാരം ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കി അവകാശവാദങ്ങളിൽ തീർപ്പ് കൽപ്പിച്ചാൽ മാത്രമേ ഭൂമി കയ്യേറിയിട്ടുണ്ടോ എന്ന് കണ്ടെത്തുവാനും കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. എന്നാൽ, കുറിഞ്ഞിമല വന്യജീവി സങ്കേതത്തിന്റെ പരിപാലനത്തിനായി നിലവിലുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്.

## വനം-വന്യജീവി, മൃഗസംരക്ഷണം-ക്ഷീരവികസനം എന്നീ വകുപ്പുകളിലെ നിയമനങ്ങൾ

116 (2646) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വന്യജീവി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ വിവിധ ഡയറക്ടറേറ്റിലും അനുബന്ധ ഓഫീസുകളിലും നിലവിൽ ജോലിനോക്കുന്ന ദിവസവേതനക്കാരുടെയും കോൺട്രാക്ട് ജീവനക്കാരുടെയും വിവരം ലഭ്യമാക്കുമോ; 2016 മുതൽ നിയമിതരായവരുടെ വിവരം ലഭ്യമാക്കുമോ;

(ബി) കോൺട്രാക്ട് നിയമനങ്ങളിലും ദിവസവേതന നിയമനങ്ങളിലും സംവരണം പാലിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മേൽപ്പറഞ്ഞ നിയമനങ്ങൾ മത്സര പരീക്ഷകളുടെ അടിസ്ഥാനത്തിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംവരണം പാലിക്കാത്ത തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ പിഴവ് നികത്തി സംവരണം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ കാവും കുളവും സംരക്ഷിക്കൽ പദ്ധതി**

117 (2647) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലുള്ള കാവുകൾ സംരക്ഷിക്കുന്നതിനായി 2016-17 മുതൽ നാളിതുവരെ കാവും കുളവും സംരക്ഷിക്കൽ പദ്ധതി പ്രകാരം വനം വകുപ്പ് എത്ര കാവുകൾക്കും കുളങ്ങൾക്കും ധനസഹായം നല്കിയെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 24-12-2016 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 485/16 വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം വർഷംതോറും ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെടുന്ന നിശ്ചിത എണ്ണം കാവുകളെ സംരക്ഷിക്കുന്നതിനായി ധനസഹായം നൽകിവരുന്നു. 2016-17 മുതൽ നാളിതുവരെ മാവേലിക്കര നിയമസഭാമണ്ഡലത്തിലുള്ള 7 കാവുകൾക്ക് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കുളത്തൂർ കുടുംബയോഗം കാവ്, തെക്കേക്കര, പോനകം, മാവേലിക്കര

2. ചൂനാട് കാവ്, പൊന്നേഴ, തെക്കേക്കര, മാവേലിക്കര

LIBRARY ARCHIVES Kerala Legislative Assembly